ഫോൺ നമ്പർ:0484-2101485
0484-2342485, 0484-2346091
ഇമെയിൽ: ceokl@wakf.gov.in
വെബ്സൈറ്റ് : wwwkeralastatewakfboard.in

# കേരള സംസ്ഥാന വഖ്ഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി -682017

**No.A3-3274/CR** **Date : 25-03-2023**

## കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്, എറണാകുളം.

## വിജ്ഞാപനം

കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിൽ 3274/ആർ.എ നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള കുഴിക്കാട്ടുമൂല ജുമാഅത്ത് വക ഏകദേശം 125 സ്ക്വയർഫീറ്റുള്ള 9/180-ാം നമ്പർ കടമുറി 16,600/- രൂപ മിനിമം റിസർവ് പ്രൈസ് കണക്കാക്കി 2014 ലെ വഖ്ഫ് പ്രോപ്പർട്ടീസ് ലീസ് റൂൾ പ്രകാരം 3 വർഷത്തേക്ക് വാടകയ്ക്കു നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ടി കടമുറി വാടകയ്ക്ക് എടുക്കുവാൻ താൽപ്പര്യമുള്ള വ്യക്തികൾ ടെണ്ടറുകളും ലേല അപേക്ഷകളും 11-04-2023-ാം തീയ്യതി വൈകുന്നേരം 5.00 മണിക്കകം ബോർഡിന്റെ ആസ്ഥാന കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ലേലവും ടെണ്ടർ പരിശോധനയും 12-04-2023-ാം തീയ്യതി രാവിലെ 11.00 മണിക്ക് ബോർഡിന്റെ ആസ്ഥാന കാര്യാലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. നിരതദ്രവ്യമായി 5000/-രൂപ അടക്കേണ്ടതാണ്. ലേലം/ടെണ്ടർ വ്യവസ്ഥകളും, ഫോമുകളും www.keralastatewakfboard.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂനിയർ സൂപ്രണ്ട്.

ഫോൺ നമ്പർ : 0484-2101485
0484-2342485, 0484-2346091
ഇമെയിൽ : ceokl@wakf.gov.in
വെബ്സൈറ്റ് : wwwkeralastatewakfboard.in

# കേരള സംസ്ഥാന വഖ്ഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി - 682017

## വസ്തു ലീസ് - ലേലം /ടെണ്ടർ

## നിബനധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതും ഫോട്ടോ പതിച്ച ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതുമാണ്.
2. ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ 5000/-രൂപ നിരതദ്രവ്യവും നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ ടെണ്ടറും സീൽ വച്ച കവറുകളിൽ 11-04-2023-ാം തീയ്യതി വൈകിട്ട് 5.00 മണിക്കുള്ളിൽ കലൂർ വി.ഐ.പി.റോഡിലുള്ള കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് ഹെഢാഫീസിൽ സമർപ്പിക്കേണ്ടതാണ്.
3. നിരതദ്രവ്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കലൂർ ബ്രാഞ്ചിൽ മാറാവുന്ന തരത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് എന്ന വിലാസത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.
4. ടെണ്ടർ സമർപ്പിക്കുന്നവർ കവറിന് പുറത്ത് പൂർണ്ണമായമേൽ വിലാസവും ഫോൺ നമ്പറും കുഴിക്കാട്ടുമൂല ജുമാഅത്ത് പള്ളി വക കടമുറികൾ ലീസ്/ ടെണ്ടർ എന്നും എഴുതിയിരിക്കേണ്ടതാണ്.
5. ടെണ്ടറിനോടൊപ്പം നിരതദ്രവ്യം അടച്ചവർക്ക് ലേലത്തിൽ പങ്കെടുക്കുന്നതിന് വീണ്ടും നിരതദ്രവ്യം അടക്കേണ്ടതില്ല.
6. 12-04-2023-ാം തീയ്യതി രാവിലെ 11.00 മണിക്ക് ലേലം നടത്തുന്നതും ലേലത്തിനു ശേഷം ഹാജറുള്ള ആളുകളുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.
7. ലേലത്തിലും ടെണ്ടറിലും പങ്കെടുക്കുന്നവർ കുഴിക്കാട്ടുമൂല ജുമാഅത്ത് പള്ളി മുതവല്ലിയുമായി ബന്ധപ്പെട്ട് വസ്തുവും രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.
8. കടമുറികൾ ലീസിന് നൽകുന്നതിന് ടെണ്ടർ/ലേലം മുഖേന ഏറ്റവും കൂടുതൽ തുകയ്ക്കുള്ള ലേലം/ടെണ്ടർ സമർപ്പിച്ചയാളുടെ പേരിൽ താൽക്കാലികമായി ഉറപ്പിക്കുന്നതായിരിക്കും എന്നാൽ പ്രസ്തുത തുക നൽകുവാൻ മേൽ കെട്ടിടത്തിലെ നിലവിലെ വാടകക്കാർ തയ്യാറായാൽ മേൽ കെട്ടിടം അവർക്ക് തന്നെ നൽകുന്നതായിരിക്കും അങ്ങിനെ വന്നാൽ ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം/ടെണ്ടർ സമർപ്പിച്ച വ്യക്തിക്ക് കെട്ടി വച്ച നിരതദ്രവ്യം ബോർഡ് ലേലം സ്ഥിരപ്പെടുത്തിയ ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

9. നിലവിലുള്ള വാടക്കാർ ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം അടക്കു-ന്നതിനോടൊപ്പം വാടക കുടിശ്ശിക ഇല്ലായെന്ന് മേൽ ജമാഅത്തിൽ നിന്നുള്ള കത്തും ഹാജരാക്കേണ്ടതാണ്.
10. ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം/ടെണ്ടർ സമർപ്പിക്കുന്നയാൾ 3 മാസത്തെ വാടക സെക്യൂരിറ്റി തുകയായി ലേലം താൽക്കാലികമായി ഉറപ്പിച്ച് 5 ദിവസത്തിനുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റായി ബോർഡ് ഹെഡാഫീസിൽ അടക്കേണ്ടതാണ്. അപ്രകാരം അടക്കാത്തപക്ഷം ടിയാന്റെ ഓഫർ നിരസിക്കുന്നതും നിരതദ്രവ്യത്തിൽ നിന്നും 20% കുറവ് വരുത്തിയതിന് ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
11. പ്രസ്തുത ടെണ്ടർ/ലേലം ബോർഡ് അംഗീകരിച്ച ശേഷം ടെണ്ടർ/ലേലം കൊണ്ട വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും ലേലം ഉറപ്പിച്ചയാളുടെ പേരിൽ മാത്രം വാടക കരാർ എഴുതുന്നതുമായിരിക്കും.
12. ലേല ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽപ്പറഞ്ഞ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.
13. ടെണ്ടർ/ലേലം നിരാകരിക്കാനും നിർത്തി വയ്ക്കാനുമുള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

ജൂനിയർ സൂപ്രണ്ട്

തീയതി: 25-03-2023.

## *സത്യപ്രസ്താവന*

മേൽ വിവരിച്ച വസ്തു ലീസ് ലേലത്തിൽ പങ്കെടുക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ആയതിന് അപേക്ഷിക്കുകയും ചെയ്യുന്നു. 2014ലെ വഖഫ് പ്രോപ്പർട്ടി ലീസ് റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിച്ച് കൊള്ളാമെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു.

സ്ഥലം : ഒപ്പ് :

തീയ്യതി : പേര്:

---

*ഓഫീസ് ഉപയോഗത്തിന്*

ശ്രീ.......................................................................... എന്നയാളിൽ നിന്നും .........................
തീയ്യതി...........മണിക്ക് അപേക്ഷാ പ്രകാരമുള്ള വസ്തു ലീസ് നിരതദ്രവ്യമായി ............
രൂപ സ്വീകരിക്കുകയും അതുപ്രകാരം അപേക്ഷകനെ ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവദിക്കുകയും ചെയ്തിരിക്കുന്നു.

തീയ്യതി : ജൂനിയർ സൂപ്രണ്ട്

## കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്, എറണാകുളം

## വസ്തു ലീസ് / ലേല അപേക്ഷാ ഫാറം.

| ക്രമ നമ്പർ | പേര് | |
|---|---|---|
| 1. | ഫോൺ നമ്പർ | |
| 2. | ആധാർ കാർഡ് നമ്പർ | |
| 3. | പിതാവിന്റെ പേര് | |
| 4. | വീട്ടുപേര് | |
| 5. | പ്രാദേശിക സ്ഥലപ്പേര് | |
| 6. | പോസ്റ്റ് ഓഫീസ് | |
| 7. | വില്ലേജ് | |
| 8. | താലൂക്ക് | |
| 9. | ജില്ല | |
| 10. | പാൻ കാർഡ് നമ്പർ (കോപ്പി ഹാജരാക്കേണ്ട താണ്.) | |
| 11. | നിരതദ്രവ്യ സംഖ്യ | |
| 12. | വഖ്ഫിന്റെ പേര് | |
| 13. | വില്ലേജ് | |
| 14. | സർവ്വെ നമ്പർ | |
| 15. | 1. വസ്തു സംബന്ധിച്ച വിവരങ്ങൾ<br><br>2. ഓഫർ തുക | |